## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

28.01.2019 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.353

## സപ്ലൈകോയ്ക്ക് ലഭിക്കേണ്ട കുടിശ്ശിക തുക

ചോദ്യം
ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ നൽകാനുള്ള കുടിശ്ശിക ലഭിക്കാത്തതിനാൽ സപ്ലൈകോയുടെ പ്രവർത്തനം അവതാളത്തിലായെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | ഫണ്ട് കുടിശ്ശിക ഉണ്ടെങ്കിലും, ആയത് സപ്ലൈകോയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല. |
| (ബി) | ഈ വിഷയം സംബന്ധിച്ച് സപ്ലൈകോ എം.ഡി-യിൽ നിന്നും കത്ത് ലഭിക്കുകയുണ്ടായോ; | (ബി) | ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രളയ ദുരിതാശ്വാസ കിറ്റിന്റെ വില, പ്രളയത്തിൽ വെള്ളം കയറി നശിച്ച നെല്ലിന്റെ ഇൻഷ്വറൻസ് ആനുകൂല്യം, സബ്സിഡി ഇനത്തിൽ സർക്കാർ നൽകാനുള്ള തുക , നെല്ല് സംഭരണത്തിനുള്ള കേന്ദ്ര സഹായം എന്നീ ഇനങ്ങളിൽ സപ്ലൈകോയ്ക്ക് എത്ര തുക ലഭിക്കേണ്ടതായിട്ടുണ്ട് എന്നറിയിക്കുമോ; | (സി) | പ്രളയ ദുരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ 51.58 കോടി രൂപയും പ്രളയത്തിൽ വെള്ളം കയറി നശിച്ച നെല്ലിന്റെ ഇൻഷ്വറൻസ് ആനുകൂല്യമായി 106.28 കോടി രൂപയും വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി 75 കോടി രൂപയും നെല്ല് സംഭരണത്തിനുള്ള കേന്ദ്രസഹായം ഇനത്തിൽ 245.86 കോടി രൂപയും ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കും മറ്റും അവശ്യ സാധനങ്ങൾ നൽകിയ വകയിൽ 24.76 കോടി രൂപയും സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്. |
| (ഡി) | ഇത് സപ്ലൈകോയുടെ പ്രവർത്തന മാന്ദ്യത്തിനും അതു വഴി പൊതുവിപണിയിൽ ഗുരുതരമായ വിലക്കയറ്റത്തിനും വഴിയൊരുക്കിയ സാഹചര്യം പരിശോധിക്കുമോ? | (ഡി) | നിലവിലെ സാഹചര്യത്തിൽ സപ്ലൈകോ ഫലപ്രദമായി വിപണിയിടപെടൽ നടത്തി വിൽപ്പനശാലകൾ വഴി ഉൽപ്പന്നങ്ങൾ വിതരണം ചെയ്തു വരുന്നു. സബ്സിഡിയിനത്തിൽ വിതരണം ചെയ്തു വരുന്ന 14 ഇനം സാധങ്ങൾക്ക് വില ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെയും ഗുണമേന്മയോടെയും പ്രവർത്തിക്കുന്ന സപ്ലൈകോയുടെ സാന്നിദ്ധ്യം സജീവമായതുകൊണ്ട് പൊതുവിപണിയിൽ വില സ്ഥിരത നിലനിൽക്കുന്നു. |

സെക്ഷൻ ഓഫീസർ